കുട്ടികളുടെ അവകാശ സംരക്ഷണവും ഉത്തമ താല്പര്യ സംരക്ഷണവും ഉറപ്പുവരുത്തുക എന്ന ബൃഹത്തായ ലക്ഷ്യം മുൻനിർത്തി സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര വനിതാ-ശിശു ക്ഷേമ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സംയോജിത ബാല സംരക്ഷണ പദ്ധതി. കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ് വഴി ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

### ലക്ഷ്യ ഗ്രൂപ്പുകൾ

- നിയമവുമായി സംഘർഷത്തിലേർപ്പെടുന്ന കുട്ടികൾ. (Juvenile in Conflict with Law)
- പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾ. (Child in need of Care and Protection)
- നിയമവുമായി സമ്പർക്കത്തിലേർപ്പെടുന്ന കുട്ടികൾ. (Child in contact with Law)
- ഏതെങ്കിലും തരത്തിൽ അതിക്രമത്തിനിരയാവുന്ന കുട്ടികൾ.
- ബാലവേലയിൽ എത്തപ്പെടുന്ന കുട്ടികൾ.
- ഭിന്നശേഷിയുള്ള കുട്ടികൾ.
- തെരുവിൽ അലയുന്നതും ഭിക്ഷ യാചിക്കുന്നതുമായ കുട്ടികൾ.
- മാതാപിതാക്കൾക്ക് സംരക്ഷിക്കാൻ ശേഷിയില്ലാത്തതിനാൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾ.
- തീർത്തും അനാഥരായ കുട്ടികൾ.
- പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നാക്ക വിഭാഗത്തിലെ കുട്ടികൾ.
- എച്ച് ഐ വി ബാധിതരായ കുട്ടികൾ.
- തടവുശിക്ഷ അനുഭവിക്കുന്നവരുടെ കുട്ടികൾ.
- മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങൾക്ക് അടിമപ്പെട്ട കുട്ടികൾ.

### സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി (SCPS)

സംസ്ഥാന തലത്തിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ആസ്ഥാനം തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിക്കുന്നു.

### ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് (DCPU)

പദ്ധതിയുടെ ജില്ലാതല പ്രവർത്തന സംവിധാനമാണ് ഇത്. ജില്ലാ കളക്ടറുടെ നിയന്ത്രണത്തിലാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറാണ് യൂണിറ്റ് മേധാവി.

### ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മറ്റി (DCPC)

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കോ-ചെയർമാനുമായ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മറ്റിയാണ് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ പ്രവർത്തനമേൽനോട്ടം വഹിക്കുന്നത്.

### ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് ചുമതലകളും പ്രവർത്തനങ്ങളും

കുട്ടികളുടെ അവകാശം, സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട ഏതൊരു പ്രവർത്തനവും ഏറ്റെടുത്ത് നടത്താൻ ഡി സി പി യു പ്രതിജ്ഞാബദ്ധമാണ്.

കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നേതൃത്വം നൽകും.

വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കുട്ടികളുടെ വികസനത്തിനും സംരക്ഷണത്തിനുമായുള്ള എല്ലാ പദ്ധതികളും ഏകോപിപ്പിക്കുക.

പരിതാപകരമായ ജീവിത സാഹചര്യങ്ങളുള്ള കുട്ടികളുള്ള കുടുംബത്തെ കണ്ടെത്തുക.

കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന സേവനദാതാക്കളെ കണ്ടെത്തുകയും അവരുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുകയും പിന്തുണയ്ക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക.



## സേവനങ്ങൾ - നയസമീപനരീതി

- പ്രതിരോധം (Prevention)
- കുടുംബാധിഷ്ഠിത സംരക്ഷണം (Family based Care & Protection)
- ദത്തെടുക്കൽ (Adoption)
- പോറ്റി വളർത്തൽ (Foster Care)
- സ്പോൺസർഷിപ്പ് (Sponsorship)
- സംയോജിത സേവനം (Integrated Service Provison)
- വിവിധ വകുപ്പുകളുടെ ഏകോപനം (Inter Department Co-ordination)
- സമൂഹാധിഷ്ഠിത സേവന സംവിധാനം (Community based service Delivery)
- സമഗ്ര ബോധവൽക്കരണ പരിപാടികൾ (Comprehesive awareness programmes)
- വിവിധ ഏജൻസികളുടെ നൈപുണി വികസനവും ശാക്തീകരണവും (Capacity building and empowerment of different Stake holders)

## സേവന വികേന്ദ്രീകരണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മറ്റികൾ അതാത് മേഖലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

സമൂഹത്തിൽ ഏത് തുറയിൽപെട്ട ആളുകൾക്കും പദ്ധതിയുടെ സേവനം ലഭ്യമാകത്തക്ക രീതിയിലാണ് സംഘടനാ സംവിധാനം ക്രമീകരിച്ചിട്ടുള്ളത്. കുട്ടികളുടെ ശരിയായ വികസനത്തിനും പുരോഗതിക്കും ഉതകുന്ന തരത്തിൽ ചൂഷണരഹിതമായ ഒരു സമൂഹ സൃഷ്ടി തന്നെയാണ് വിശാലമായ അർത്ഥത്തിൽ പദ്ധതി ലക്ഷ്യമിടുന്നത്.

**കുട്ടികളുടെ**
**അവകാശ സംരക്ഷണവും**
**ഉത്തമ താൽപര്യ സംരക്ഷണവും**
**ഉറപ്പുവരുത്തുന്നതിനായി...**

# സംയോജിത ബാല സംരക്ഷണ പദ്ധതി

## Integrated Child Protection Scheme (ICPS)


**ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്**
കെ.വി.എം. ബിൽഡിംഗ്സ്
അണ്ണാൻകുന്ന് റോഡ്
കോട്ടയം - 686 001
ഫോൺ : 0481 2580548
dcpukottayam@gmail.com


Madona Offset Press Ktm 2585375

കേരള സർക്കാർ
സാമൂഹ്യനീതി വകുപ്പ്
www.sjd.kerala.gov.in




Integrated Child Protection Scheme (ICPS)

District Child Protection Unit, Kottayam